DESPATCHED
On..16/1/23..

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

**ഹർജി നമ്പർ CP No. 420(3)/2022 *എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നം.14241/എസ്.ഐ.സി–ജി 1/2022)**

**സന്നിഹിതൻ**

**ശ്രീ.എ. അബ്ദുൽ ഹക്കീം, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**തീയതി : 09.01.2023**

| | |
|---|---|
| ശ്രീ.വസന്ത് ഡി.<br>ഇട്ടിയം വെളി<br>നോർത്ത് ആര്യാട്<br>ആലപ്പുഴ 688 538 | പരാതി ഹർജിക്കാരൻ |

Vs.

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>ജൂനിയർ സൂപ്രണ്ട്<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ്<br>മണ്ണഞ്ചേരി പി.ഒ.,<br>ആലപ്പുഴ 688 538<br>2. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &<br>അസിസ്റ്റന്റ് എഞ്ചിനീയർ<br>എൽ.ഐ.ഡി & ഇ.ഡബ്ല്യൂ സെക്ഷൻ<br>മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത്<br>ആലപ്പുഴ 688 538 | എതിർകക്ഷി |

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 31.08.2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 02.09.2022 |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 16.09.2022 |

## ഉത്തരവ്

മണ്ണഞ്ചേരി ഗ്രാമപഞ്ചായത്ത് ഓഫീസ് സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ മണ്ണഞ്ചേരി പഞ്ചായത്തിലെ ഒരു റോഡിന്റെ പുനരുദ്ധാരണവു

മായി ബന്ധപ്പെട്ട വിവരങ്ങൾ ആരാഞ്ഞുകൊണ്ട് സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് ടി വിവരങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ എൽ.ഐ.ഡി. & ഇ.ഡബ്ല്യൂ. സെക്ഷൻ, മണ്ണാഞ്ചേരിയുടെ ഓഫീസിലാണ് ഉള്ളതെന്നും ആയതിനാൽ വിവരാവകാശ നിയമം സെക്ഷൻ 6(3) പ്രകാരം ടി ഓഫീസിലെ എസ്.പി.ഐ.ഒ.യ്ക്ക് കൈമാറിയതായും മണ്ണഞ്ചേരി പഞ്ചായത്തിലെ എസ്.പി.ഐ.ഒ. അറിയിച്ചുവെന്നും എന്നാൽ തന്റെ വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെയായി മറുപടി നൽകുകയോ റോഡ് പ്രവൃത്തി പൂർത്തിയാക്കുകയോ ചെയ്തിട്ടില്ല എന്നുമാണ് ഈ പരാതി ഹർജിയിൽ ഉന്നയിക്കുന്ന ആക്ഷേപങ്ങൾ. ഈ വിഷയം കമ്മീഷൻ 30.12.2022 ന് ആലപ്പുഴ കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ഹിയറിംഗിൽ പരിഗണിച്ചു.

2. മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്തിനെ പ്രതിനിധീകരിച്ച് എസ്.പി.ഐ.ഒ. മാരായ ജൂനിയർ സൂപ്രണ്ടും, അസിസ്റ്റന്റ് എഞ്ചിനീയറും ഹാജരാകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

3. പരാതി ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ രജിസ്റ്റേഡ് തപാലിൽ 9603 നമ്പർ ആയി ഗ്രാമപഞ്ചായത്തിൽ നിന്നും അയച്ചു നൽകിയിട്ടുണ്ടെന്നും മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി എഗ്രിമെന്റ് വെച്ചിരുന്ന "ടൈനി ടോട്സ് ലെനിൻ കോർണർ റോഡ്" എന്ന പ്രവർത്തിയുടെ നിർമ്മാണഘട്ടത്തിലെ ന്യൂനതകളെ സംബന്ധിച്ചാണ് ശ്രീ.വസന്ത് ഡി.യുടെ അപേക്ഷ എന്നും മേൽപ്പടി റോഡിന്റെ ഇരുവശങ്ങളിലും ഉള്ള സൈഡ് ബേം ഗ്രാവലിട്ട് ഉയർത്തുന്നതിന് മുമ്പുള്ളതാണ് നിർദ്ദിഷ്ട അപേക്ഷ പ്രകാരമുള്ള ന്യൂനതകൾ എന്നും മേൽപടി റോഡിന്റെ പണികൾ 29.09.2022 തീയതിയിൽ പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കിയിട്ടുള്ളതും നിലവിൽ യാതൊരുവിധ പ്രശ്നങ്ങളും ഇല്ല എന്നുമുള്ള എസ്.പി.ഐ.ഒ.യുടെ റിപ്പോർട്ടും മൊഴിയും വസ്തുതാപരമാണെന്നു കണ്ട് ഈ പരാതി ഹർജിയിലെ തുടർ നടപടികൾ അവസാനിപ്പിച്ച് കമ്മീഷൻ ഇന്നേ ദിവസം 2023 ജനുവരി മാസം 09-ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)
**എ. അബ്ദുൽ ഹക്കീം**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**